ഭരണ ഭാഷ മാതൃഭാഷ

# കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ്

## വിജ്ഞാപനം

### 2014-15 -ലെ സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് (പുതിയത് ) അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അനുവദിച്ച് വിതരണം ചെയ്യുന്ന സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് 2014-15( പുതിയത്) അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിലെ സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളിൽ നിന്നും 2014-15 അദ്ധ്യയന വർഷത്തേയ്ക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി 26/10/2014- മുതൽ ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്. **ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇവയിൽ ഏതെങ്കിലും ഒന്നേ ലഭിക്കുകയുള്ളൂ.** കേരള സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ എന്നിവയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും പൊതു പ്രവേശന പരീക്ഷയെഴുതി സർക്കാർവിഹിതമെന്ന നിലയിൽ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയുടെ എണ്ണവും, തുകയും ചുവടെ ചേർക്കുന്നു.

| കോഴ്സ് | സ്കോളർഷിപ്പുകളുടെ എണ്ണം | പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| ബിരുദം | 3000 | 4000/- രൂപ |
| ബുരുദാനന്തര ബിരുദം | 1000 | 5000/- രൂപ |
| പ്രൊഫഷണൽ കോഴ്സ് | 1000 | 6000/ രൂപ |
| ഹോസ്റ്റൽ സ്റ്റൈപ്പന്റ് | 2000 | 12000/- രൂപ |

ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഈ അപേക്ഷകർക്ക് മുൻകാല പ്രാബല്യം ലഭിക്കുന്നതല്ല. യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് ലഭിച്ചവർക്കും കുടുംബ വാർഷിക വരുമാനം **4.5 ലക്ഷം** രൂപയിൽ താഴെയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. യൂണിവേഴ്സിറ്റികൾ, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., വിദ്യാർത്ഥിനി പഠിക്കുന്ന സ്ഥാപനം എന്നിവ നടത്തുന്ന ഹോസ്റ്റലിൽ താമസിക്കുന്നവർക്കും സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. **മറ്റുവകുപ്പുകളിൽ നിന്നും ഹോസ്റ്റൽ ഫീസ് ലഭിക്കുന്നവർ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല**. അപേക്ഷകർക്ക് എസ്.ബി.റ്റി/ എസ്.ബി.ഐ/ ഫെഡറൽ ബാങ്ക്/ സൗത്ത് ഇന്ത്യൻ ബാങ്ക് തുടങ്ങിയ ദേശസാൽകൃത ബാങ്കുകളിൽ സ്വന്തം പേരിൽ അക്കൗ ് ഉ ായിരിക്കണം.

18-വയസ്സിനു മുൻപ് ബാങ്ക് അക്കൗ ് (മൈനർ അക്കൗ ്) തുടങ്ങിയവർ 18 വയസിനുശേഷം ബാങ്കുമായി ബന്ധപ്പെട്ട് മേജർ/ അഡൽറ്റ് അക്കൗ ാക്കി മാറ്റേ താണ്. ഓൺലൈനായി അപേക്ഷിക്കുമ്പോൾ ബാങ്ക് അക്കൗ ് ലൈവ് ആയിരിക്കേ താണ്. ബാങ്ക് അക്കൗ ് ആധാർ നമ്പരുമായി ലിങ്ക് ചെയതിരിക്കണം. www.minoritywelfare.kerala.gov.in, എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471-2300524, 2302090 എന്ന നമ്പറിൽ വിളിക്കുക.

**അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്ന അവസാന തീയതി 2014 ഡിസംബർ-20.**

1) **അപേക്ഷിക്കേ രീതി:**

1. www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ Scholarships▸ C.H. Muhammedkoya എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2. Apply online -ൽ ക്ലിക്ക് ചെയ്യുക.

2. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുങ്കെിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക

3. അല്ലെങ്കിൽ New registration– ൽ ക്ലിക്ക് ചെയ്ത് submit click ചെയ്യുക.

4. കുടുംബ വാർഷിക വരുമാനം പൂരിപ്പിക്കുക.

5. ഹോസ്റ്റലർ ആണോ എന്ന വിവരവും ആണെങ്കിൽ ഹോസ്റ്റൽ സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ളതാണോ എന്ന വിവരവും സെലക്ട് ചെയ്യുക.
6. സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവരാണെങ്കിൽ പ്രവേശനം മെരിറ്റ് സീറ്റിലാണോ എന്ന വിവരം സെലക്ട് ചെയ്യുക.
7. Online– ലൂടെ അപേക്ഷ നൽകിയതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.
8. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട്, ഭാഗം 2-ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേതാണ്.

## 2) <u>സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേ രേഖകൾ:</u>

1. അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്
2. എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗ ് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).
4. ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
6. യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്.
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്ന് (അസ്സൽ)

9.ഹോസ്റ്റലർ ആണെങ്കിൽ വാർഡനിൽ നിന്നും വാങ്ങിയ സ്ഥാപനമേധാവി മേലൊപ്പ് വച്ചിട്ടുള്ള ഇൻമേറ്റ് സർട്ടിഫിക്കറ്റ്.

9. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾ ഗവൺമെന്റ് അലോട്ട്മെന്റ് മെമ്മോയുടെ പകർപ്പ് ഹാജരാക്കേതാണ്.

## 3) സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈനായി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേതാണ്.(വെരിഫിക്കേഷൻ)
2. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (അപ്രൂവൽ)
3. അപേക്ഷകർ ഹാജരാക്കുന്ന വരുമാന സർട്ടിഫിക്കറ്റ് അസ്സൽ ആയിരിക്കണം.
4. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പു വരുത്തേ താണ്.
5. അപേക്ഷകർ സമർപ്പിച്ച ബാങ്ക് അക്കൗ ് സംബന്ധമായ രേഖകൾ ശരിയാണോ എന്നു പരിശോധിച്ച് സ്ഥാപനമേധാവി ഉറപ്പ് വരുത്തേ താണ്.
6. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകൾ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവികൾ അതിന് ഉത്തരവാദിയായിരിക്കും.

## 4) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ സമർപ്പിക്കേ രീതി

1. ഗവൺമെന്റ് / എയ്ഡഡ് സ്ഥാപനങ്ങൾ, അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേ താണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യാനുസരണം ഇവ ലഭ്യമാക്കേ താണ്.
2. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ട്/ തപാൽ മുഖേന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിലേയ്ക്ക് 31.12.2014-നകം എത്തിക്കേ താണ്. വിലാസം. **ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33.**

## 5) അവസാന തീയതികൾ:

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേ അവസാന തീയതി: 20.12.2014
2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേ തീയതി. **24.12.2014**
3. സ്ഥാപനമേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപ്രൂവൽ നൽകേ തീയതി. **27.12.2014**
4. അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിക്കേ അവസാന തീയതി. **31.12.2014.**

**ഡയറക്ടർ**